**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1439 04.12.2014-ലെ മറുപടിക്ക്

## മോണോ റെയിൽ പദ്ധതിക്ക് പകരം ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ** | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്ത മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (എ). തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്ക് വേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 01.10.2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപ്പര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, പുനർ ദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30.05.14-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനു ശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.14-ന് കൂടിയ കേരള മോണോറെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ, ടെൻഡർ നിരസിക്കുകയും മോണോ റെയിൽ പദ്ധതികൾക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി). | പ്രസ്തുത പദ്ധതിക്ക് പകരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; | (ബി). | ഡി.എം.ആർ.സി. തയ്യാറാക്കിയ ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി). | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (സി). | പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി). | കോഴിക്കോട് നഗരത്തിൽ ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് ലൈറ്റ് മെട്രോ രൂപകൽപന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി). | കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ്, ചേവായൂർ, തൊണ്ടയാട്, കോട്ടൂളി, ന്യൂ ബസ് സ്റ്റാന്റ്, കെ.എസ്.ആർ.ടി.സി., മാനാഞ്ചിറ, പാളയം, റയിൽവേ സ്റ്റേഷൻ, പുഷ്പ, കല്ലായി, പന്നിയങ്കര, വട്ടക്കിണർ, മീഞ്ചന്ത, എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് ലൈറ്റ് മെട്രോ രൂപകൽപ്പന ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**